(സി) മത്സ്യബന്ധന തുറമുഖങ്ങളിലും ഫിഷ് ലാന്റിംഗ് സെന്ററുകളിലും ശുചിത്വ. നിലവാരം മെച്ചപ്പെടുത്തുക, കയറ്റുമതിക്കുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക എന്നീ ഉദ്ദേശ്യങ്ങളോടെ കേരളത്തിലെ മുനമ്പം, ബേപ്പൂർ, പുതിയാപ്പ എന്നീ 3 ഹാർബറുകൾ ഉൾപ്പെടെ ഇന്ത്യയിലെ 19 ഫിഷിംഗ് ഹാർബറുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് വേണ്ടിയുള്ള ഒരു പദ്ധതി നടപ്പു പഞ്ചവത്സര പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഫ്ളേക്ക് ഐസ്/ട്യൂബ് ഐസ് നിർമ്മാണത്തിനുള്ള മെഷീനുകളും മത്സ്യം സൂക്ഷിക്കുന്നതിനുള്ള ശീതസംഭരണ മുറികളും ഈ ഹാർബറിൽ നിർമ്മിക്കുന്നുണ്ട്.

ലേലപ്പുരയിൽ പക്ഷികൾ കയറാതിരിക്കാനുള്ള നെറ്റ് ഘടിപ്പിക്കൽ, ലേലപ്പുരയുടെ തറ നവീകരിക്കൽ, വശങ്ങൾ കവറിംഗ്, കോൺക്രീറ്റ് പ്രതലത്തോടെ ലോഡിംഗ് ഏരിയ നവീകരിക്കൽ, ശുദ്ധജലവിതരണം, ഡ്രെയിനേജ്, വേസ്റ്റ് ഡിസ്പോസൽ, വൈദ്യുതീകരണം എന്നിവ മെച്ചപ്പെടുത്തൽ തുടങ്ങിയവ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഏർപ്പാടാക്കി വരുന്നു.

(ഡി) കായംകുളം പുതിയാപ്പ മത്സ്യബന്ധന തുറമുഖങ്ങളിൽ യഥാക്രമം 259 ലക്ഷം, 280 ലക്ഷം എന്നീ തുകകളുടെ നവീകരണ പ്രവൃത്തികൾ എൻ.എഫ്.ഡി.ബി.യുടെ ധനസഹായത്തോടെ നടപ്പാക്കിവരുന്നു. കൂടാതെ തങ്കശ്ശേരി, നീണ്ടകര, തോട്ടപ്പള്ളി, ചോമ്പാൽ, മാപ്പിളബേ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെയും ന്യൂമാഹി, ധർമ്മടം, മുനയ്ക്കക്കടവ്, വിഴിഞ്ഞം സൗത്ത് ഫിഷ് ലാന്റിംഗ് സെന്റർ എന്നീ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടെയും നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസലുകൾ എൻ.എഫ്.ഡി.ബി.ക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിനും അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

(ഇ) നവീകരണ പ്രവൃത്തികൾ യൂറോപ്യൻ യൂണിയൻ നിഷ്ക്കർഷിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് നിർവ്വഹിച്ചുവരുന്നത്.

ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് നടപടി

192 (4816) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് താഴെ പറയും പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കർഷകർക്ക് സാമ്പത്തിക സാങ്കേതിക സഹായം നൽകുന്നതിന് രൂപീകരിച്ചിട്ടുള്ള മത്സ്യ കർഷക വികസന ഏജൻസികൾ വഴി മത്സ്യ/ആറ്റുകൊഞ്ച്/ചെമ്മീൻ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

നടപടികൾ ഊർജ്ജിതമായി നടപ്പാക്കിവരുന്നു. കൂടാതെ കേരളത്തിലെ ലഭ്യമായ ജല സ്രോതസ്സുകൾ ഉപയോഗപ്പെടുത്തി വൈവിധ്യമാർന്ന ജലകൃഷി സമ്പ്രദായങ്ങൾവഴി മത്സ്യകൃഷിയും മത്സ്യോത്പാദനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മത്സ്യകേരളം പദ്ധതി നടപ്പാക്കിവരുന്നു. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ 10,000 ഹെക്ടർ ജല പ്രദേശങ്ങളിൽ മൂന്ന് വർഷക്കാലയളവിൽ ശുദ്ധജല/ഓരുജല മത്സ്യക്കൃഷി നടപ്പാക്കുന്നു. ഇതിന് പുറമെ അഡാക്ക് മുഖേന കുട്ടനാടൻ പാടശേഖരങ്ങളിൽ നെൽക്കൃഷിക്കുശേഷം മത്സ്യക്കൃഷി നടത്തുന്ന ഒരു നെല്ലും ഒരു മീനും പദ്ധതിയും കോൾ നിലങ്ങളിൽ ആറ്റുകൊഞ്ച് കൃഷിയും നടപ്പാക്കിവരുന്നു. വിദർഭ പാക്കേജ് വഴി മത്സ്യകൃഷി പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിൽ നടപ്പാക്കിവരുന്നു. ദേശീയ മത്സ്യ വികസന ബോർഡ് (എൻ.എഫ്.ഡി.ബി) സഹായത്തോടെ ഏഴ് റിസർവ്വോയറുകളിൽ മത്സ്യ/ആറ്റുകൊഞ്ചു കൃഷി പാലക്കാട് ജില്ലയിൽ നടപ്പാക്കിവരുന്നു. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട 20 റിസർവ്വോയറുകളിൽക്കൂടി മത്സ്യക്കൃഷി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ) പ്രകാരം ആറ്റുകൊഞ്ച്/കരിമീൻ/ചെമ്മീൻ കൃഷിയും വിവിധ ജില്ലകളിൽ നടപ്പാക്കി വരുന്നു.

മത്സ്യക്കുഞ്ഞുങ്ങളുടെ ഉൽപ്പാദന കേന്ദ്രം

193 (4871) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലമ്പുഴയിലെ മത്സ്യ കുഞ്ഞുങ്ങളുടെ ഉൽപ്പാദന കേന്ദ്രത്തിൽ പ്രതിവർഷം എത്ര മത്സ്യകുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നുണ്ട് ;

(ബി) പ്രസ്തുത കേന്ദ്രം വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത് ;

(സി) ഇതിൽ എന്തൊക്കെ പ്രവൃത്തികൾ ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട് എന്നറിയിക്കുമോ ;

(ഡി) വികസന പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ ?

ഉത്തരം

(എ) മലമ്പുഴ ദേശീയ മത്സ്യവിത്തുല്പാദന കേന്ദ്രത്തിൽനിന്ന് പ്രതിവർഷം 50 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 60 ലക്ഷം കുഞ്ഞുങ്ങളുടെ ഉല്പാദനമാണ് ലക്ഷ്യമിടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly